ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 31.08.2025**

## പ്രധാനവാർത്തകൾ

RNUTVPM

1. ഉത്സവ വേളകളിൽ സ്വദേശിവത്കരണത്തിനു പ്രാധാന്യം നൽകണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ശുചിത്വത്തിന് ഊന്നൽ നൽകണമെന്നും മൻ കി ബാത്തിൻറെ 125-ാം പതിപ്പിൽ പ്രധാനമന്ത്രി.

2. സിവിൽ സർവീസ് പരീക്ഷയുടെ അന്തിമ പട്ടികയിൽ എത്താൻ കഴിയാത്ത, ഉദ്യോഗാർത്ഥികൾക്ക് പ്രതിഭ സേതു ഡിജിറ്റൽ പ്ലാറ്റ്ഫോം മികച്ച അവസരം നൽകുന്നതായി പ്രധാനമന്ത്രി മൻ കി ബാത്തിൽ.

3. പ്രകൃതി ദുരന്തങ്ങളുണ്ടാകുന്ന അവസരങ്ങളിൽ രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങളിലൂടെ മനുഷ്യത്വത്തിന് മുൻഗണന നൽകിയ ഓരോ പൗരനും മൻ കി ബാത്തിലൂടെ നന്ദി പറഞ്ഞ് പ്രധാനമന്ത്രി.

4. വയനാട്, കോഴിക്കോട് ജില്ലകളിലെ യാത്രാദുരിതത്തിന് പരിഹാരമാകുന്നു; - ആനക്കാംപൊയിൽ – മേപ്പാടി തുരങ്കപാതയുടെ

നിർമാണ പ്രവൃത്തി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും.

5. മലയാളികൾ ഓണത്തിരക്കിലേക്ക്; സംസ്ഥാനതല ഓണം വാരാഘോഷത്തിന് ബുധനാഴ്ച തിരുവനന്തപുരത്ത് തുടക്കമാകും.

**&&&&&&&&&&&&&&&**

<u>മൻ കി ബാത്ത് -- Vocal for Local- ഇൻട്രോ</u>

രാജ്യത്തെ വിവിധ ഉത്സവ വേളകളിൽ സ്വദേശിവത്കരണത്തിനു പ്രാധാന്യം നൽകണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിൻറെ 125-ാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. തദ്ദേശീയമായി ഉൽപാദിപ്പിച്ച വസ്തുക്കൾ കൂടുതലായി ഉപയോഗിക്കണമെന്നും ജീവിതത്തിലെ എല്ലാ തലങ്ങളിലും സ്വദേശിയായിരിക്കണമെന്നും അദ്ദേഹം ഓർമപ്പെടുത്തി. ' Vocal for Local' എന്ന മന്ത്രം, സ്വയം പര്യാപ്ത ഇന്ത്യ, വികസിത ഭാരതം എന്നീ ലക്ഷ്യങ്ങൾ നേടാൻ സഹായിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

**&&&&&&&&&&&&&&&**

<u>മൻ കി ബാത്ത് - സിവിൽ സർവീസ്( ഇൻട്രോ)</u>

സിവിൽ സർവീസ് പരീക്ഷയുടെ അന്തിമ പട്ടികയിൽ എത്താൻ കഴിയാത്ത, കഴിവുള്ള

RNU TVPM

ഉദ്യോഗാർത്ഥികൾക്കായി 'പ്രതിഭ സേതു ഡിജിറ്റൽ പ്ലാറ്റ്ഫോം സൃഷ്ടിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. പതിനായിരത്തിലധികം യുവാക്കളുടെ ഡാറ്റാബാങ്ക് ഈ പോർട്ടലിൽ ഉണ്ട്. പോർട്ടലിലുള്ള വിദ്യാർത്ഥികളുടെ നൈപുണ്യത്തിനനുസരിച്ച് കമ്പനികൾക്ക് അവരെ നിയമിക്കാമെന്ന് പ്രധാനമന്ത്രി അറിയിച്ചു. പോർട്ടലിന്റെ സഹായത്തോടെ നൂറുകണക്കിന് ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിച്ചുവെന്നും അദ്ദേഹം പറഞ്ഞു.

**( വോയിസ്..... )**

**&&&&&&&&&&&&&&&**

**<u>മൻ കി ബാത്ത് എൻ.ഡി.ആർ.എഫ്- ഇൻട്രോ</u>**

പ്രകൃതി ദുരന്തങ്ങളെ തുടർന്നുണ്ടായ പ്രതിസന്ധികൾ രാജ്യം ഒത്തൊരുമിച്ചാണ് നേരിട്ടതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിസന്ധി ഘട്ടത്തിൽ മറ്റെന്തിനേക്കാളും മനുഷ്യത്വത്തെ ഉയർത്തിപ്പിടിച്ച ഓരോ പൗരനും അദ്ദേഹം മൻ കി ബാത്തിലൂടെ നന്ദി പറഞ്ഞു.

RNU TVPM

**വിശദാംശങ്ങളിലേയ്ക്ക്.....**

**(ഹോൾഡ്)**

**&&&&&&&&&&&&&&&**

**<u>മൻ കി ബാത്ത്.എൻഡിആർഎഫ്(വോയിസ്)</u>**

NDRF-SDRF ഉദ്യോഗസ്ഥർ, സുരക്ഷാ സേനകൾ, നാട്ടുകാർ, സാമൂഹ്യ പ്രവർത്തകർ, ഡോക്ടർമാർ, ഭരണകൂടം, എന്നിവരുടെ കൂട്ടായ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതിക സംവിധാനങ്ങൾ സഹായകരമായെന്നും പ്രധാനമന്ത്രി

പറഞ്ഞു. ജമ്മു കശ്മീരിലെ പുൽവാമയിൽ നടന്ന ആദ്യ Day-night ക്രിക്കറ്റ് മത്സരവും ശ്രീനഗറിലെ ദാൽ തടാകത്തിലെ ആദ്യത്തെ ഖേലോ ഇന്ത്യ വാട്ടർ സ്പോർട്സ് ഫെസ്റ്റിവലും ശ്രീ മോദി പരാമർശിച്ചു. വാട്ടർ സ്പോർട്സ് ഫെസ്റ്റിവലിൽ പങ്കെടുത്ത ഒഡീഷയിൽ നിന്നുള്ള രശ്മിത സാഹുവും ശ്രീനഗറിൽ നിന്നുള്ള മൊഹ്സിൻ അലിയുമായി മൻ കി ബാത്തിൽ അദ്ദേഹം സംവദിച്ചു. ഏക് ഭാരത്-ശ്രേഷ്ഠ ഭാരത് എന്ന ആശയം പ്രതിഫലിപ്പിക്കാൻ കായികരംഗം വലിയ പങ്കു വഹിക്കുന്നു എന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. രാജ്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച സൈനികരെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്ന സൂറത്തിലെ ജിതേന്ദ്ര സിംഗ് റാത്തോഡ് ഓരോ ദേശസ്നേഹിക്കും വലിയ പ്രചോദനമാണെന്ന് പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. സൗരോർജ്ജം വൈദ്യുതിയുടെ ഉറവിടം മാത്രമല്ല, എല്ലാ ഗ്രാമങ്ങളിലേക്കും പുതിയ വെളിച്ചം കൊണ്ടുവരുന്ന ശക്തി കൂടിയാണെന്ന് "സോളാർ ദീദി" എന്ന് വിളിപ്പേരുള്ള മുസാഫർപൂരിലെ ദേവ്കി തെളിയിച്ചതായി പ്രധാനമന്ത്രി വ്യക്തമാക്കി. ഇപ്പോൾ 40 ഏക്കറിലധികം പ്രദേശത്ത് സോളാർ ദീദിയുടെ സോളാർ പമ്പിൽ നിന്ന് വെള്ളം ലഭിക്കുന്നു. സൗരോർജ്ജം കർഷകരുടെ ജീവിതത്തെ എങ്ങനെ മാറ്റിമറിക്കുന്നുവന്നതിന്റെ ഉത്തമ ഉദാഹരണമാണിതെന്നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ന്യൂസ് ഡെസ്ക് ആകാശവാണി.

RNUTVPM

&&&&&&&&&&&&&&&

<u>മൻ കി ബാത് - എഞ്ചിനീയർ</u>

അടുത്തമാസം എഞ്ചിനീയേഴ്സ് ദിനവും വിശ്വകർമ ജയന്തിയും ആഘോഷിക്കുന്നതിന്റെ പശ്ചാത്തലത്തിൽ രാജ്യത്തെ എഞ്ചിനീയർമാർക്കും വിശ്വകർമ്മ സമുദായത്തിനും പ്രധാനമന്ത്രി ആശംസകൾ നേർന്നു. സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കുന്ന കർമ്മയോഗികളാണ് എഞ്ചിനീയർമാർ എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. രാജ്യത്തിന്റെ സമൃദ്ധിയുടെ അടിത്തറ പണിയുന്ന വിശ്വകർമ സഹോദരന്മാർക്കായി വിശ്വകർമ പദ്ധതി ആരംഭിച്ചതായും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. എല്ലാ ഉത്സവ വേളകളിലും ശുചിത്വത്തിന് ഊന്നൽ നൽകണമെന്നു പറഞ്ഞാണ് പ്രധാനമന്ത്രി ഈ മാസത്തെ മൻ കി ബാത്ത് സംഭാഷണം അവസാനിപ്പിച്ചത്.

**&&&&&&&&&&&&&&&**

PNU TVPM

<u>ജോർജ്ജ് കുര്യൻ</u>

കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ കൊല്ലം തേവള്ളിയിൽ മൻ കി ബാത്ത് പ്രക്ഷേപണത്തോട് അനുബന്ധിച്ചുള്ള പരിപാടിയിൽ ബിജെപി പ്രവർത്തകർക്കൊപ്പം പങ്കെടുത്തു. BJP കൊല്ലം മണ്ഡലം സംഘടിപ്പിച്ച ഓണാഘോഷ പരിപാടിയിലും ശ്രീ ജോർജ് കുര്യൻ സംബന്ധിച്ചു.

**&&&&&&&&&&&&&&&**

<u>പ്രധാനമന്ത്രി- ചൈന</u>

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങുമായി കൂടിക്കാഴ്ച നടത്തി. പരസ്പര വിശ്വാസം, ബഹുമാനം, സംവേദനക്ഷമത എന്നിവയുടെ അടിസ്ഥാനത്തിൽ ചൈനയുമായുള്ള ബന്ധം മുന്നോട്ട് കൊണ്ടുപോകാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന്

പ്രധാനമന്ത്രി പറഞ്ഞു. ചൈനയിലെ ടിയാൻജിനിൽ നടക്കുന്ന ഷാങ്ഹായ് സഹകരണ ഉച്ചകോടിക്കിടെയാണ് ശ്രീ മോദി, ചൈനീസ് പ്രസിഡന്റുമായി ചർച്ച നടത്തിയത്. അതിർത്തി തർക്കങ്ങൾ സംബന്ധിച്ച് ഇരുരാജ്യങ്ങളും ധാരണയിൽ എത്തിയതായി അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&

## ജിപിഡി - വളർച്ച

മൊത്ത ആഭ്യന്തര ഉത്പാദനത്തിലെ വളർച്ച നിരക്കിലുണ്ടായ വർദ്ധനയെ പ്രശംസിച്ച് വിദഗ്ധർ. നടപ്പ് സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ 7.8 ശതമാനത്തിലെത്തിയ ജിഡിപി നിരക്ക് രാജ്യത്തിൻറെ പ്രതീക്ഷകൾക്ക് അപ്പുറത്താണെന്ന് സാമ്പത്തിക ശാസ്ത്രജ്ഞനായ പ്രൊഫസർ യശ്വിർ ത്യാഗി പറഞ്ഞു. ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയെ സംബന്ധിച്ച് ഇത് ശുഭ സൂചനയാണെന്നും വിദഗ്ധർ അഭിപ്രായപ്പെട്ടു.

PNU TVPM

&&&&&&&&&&&&&&&

## മുഖ്യമന്ത്രി - ഉദ്ഘാടനം

വയനാട്, കോഴിക്കോട് ജില്ലകളിലെ യാത്രാദുരിതം പരിഹരിക്കുന്നത് ലക്ഷ്യമിടുന്ന ആനക്കാംപൊയിൽ – മേപ്പാടി തുരങ്കപാതയുടെ നിർമാണ പ്രവൃത്തി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. 8.73 കിലോമീറ്റർ നീളത്തിലാണ് നാലുവരി തുരങ്കപാത നിർമിക്കുന്നത്. 2,134 കോടി രൂപ ചെലവിൽ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിനാണ് നിർവഹണ ചുമതല. പദ്ധതിയിൽ ഇരുവഴിഞ്ഞി പുഴക്ക് കുറുകെ രണ്ട് പ്രധാന പാലങ്ങളും മറ്റ് മൂന്ന് ചെറുപാലങ്ങളും ഉൾപ്പെടും.

&&&&&&&&&&&&&&&

**മുഖ്യമന്ത്രി- കോഴിക്കോട്**

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ കോഴിക്കോട് നിർവഹിച്ചു. വിഷയത്തിൽ സംസ്ഥാന നിയമത്തിൻ്റെ കരട് ബിൽ തയ്യാറായതായി അദ്ദേഹം പറഞ്ഞു. പാമ്പ് വിഷബാധ മൂലമുള്ള മരണം ഒഴിവാക്കാൻ സർപ്പ രണ്ടാം ഘട്ടം നടപ്പാക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&

**അമീബിക് മസ്തിഷ്കജ്വരം**

കേരളത്തിൽ, അമീബിക്ക് മസ്തിഷ്ക ജ്വരത്തിനെതിരെ കർശന ജാഗ്രത തുടരുന്നു. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വീടുകളിലേയും സ്ഥാപനങ്ങളിലേയും കിണറുകളും ജലസംഭരണ ടാങ്കുകളും വൃത്തിയാക്കാനുള്ള ആരോഗ്യ വകുപ്പിൻറെ ജനകീയ ക്യാമ്പയിൻ ഇന്നുമുണ്ടാകും. തദ്ദേശ സ്ഥാപനങ്ങൾ, ഹരിത കേരളം മിഷൻ, ജലവിഭവ വകുപ്പ് എന്നിവയുമായി കൈകോർത്ത് "ജലമാണ് ജീവൻ' പരിപാടിയുടെ ഭാഗമായാണ് ശുചീകരണം.

RNU TVPM

&&&&&&&&&&&&&&&

**ഓണം വാരാഘോഷം**

സംസ്ഥാന സർക്കാരിന്റെ ഈ വർഷത്തെ ഓണം വാരാഘോഷത്തിന് ബുധനാഴ്ച തിരുവനന്തപുരത്ത് തുടക്കമാകും. സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി

പിണറായി വിജയൻ നിർവഹിക്കും. ചലച്ചിത്ര താരങ്ങളായ ബേസിൽ ജോസഫും ജയം രവിയും മുഖ്യാതിഥികളാകും. സെൻട്രൽ സ്റ്റേഡിയം, മ്യൂസിയം ഉൾപ്പെടെ നഗരത്തിലെ 33 വേദികളിലായി വിവിധ കലാപരിപാടികൾ അരങ്ങേറും. ചൊവ്വാഴ്ച എം എൽ എ മാരും മാധ്യമ പ്രവർത്തകരും സർക്കാർ ജീവനക്കാരും പങ്കെടുക്കുന്ന പ്രദർശന വടം വലിയും നടക്കും.

&&&&&&&&&&&&&&&

**<u>റേഷൻ കട- തുറക്കും</u>**

സംസ്ഥാനത്ത് ഓഗസ്റ്റ് മാസത്തെ റേഷൻ വിതരണവും സ്പെഷ്യൽ അരിയുടെ വിതരണവും ഇന്ന് പൂർത്തിയാകും. സ്റ്റോക്കെടുപ്പ് കണക്കിലെടുത്ത് നാളെ റേഷൻകടകൾക്ക് അവധിയായിരിക്കും. ചൊവ്വാഴ്ച മുതൽ സെപ്റ്റംബർ മാസത്തെ റേഷൻ വിതരണം ആരംഭിക്കും. ഒന്നാം ഓണ ദിവസമായ സെപ്റ്റംബർ 4 നും റേഷൻകടകൾ പ്രവർത്തിക്കുന്നതായിരിക്കും.

RIU TVPM

&&&&&&&&&&&&&&&

**<u>കേരളം- കാലാവസ്ഥ</u>**

കേരളം, ആന്ധ്രാപ്രദേശ്, കർണാടക, ഒഡീഷ, തെലങ്കാന തുടങ്ങിയ ഇടങ്ങളിൽ ഇന്ന് ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

&&&&&&&&&&&&&&&

**<u>താമരശ്ശേരി ചുരം</u>**

മഴ കുറഞ്ഞ സാഹചര്യത്തിൽ മണ്ണിടിച്ചിലുണ്ടായ താമരശ്ശേരി ചുരം റോഡിലൂടെ മൾട്ടിആക്സിൽ വാഹനങ്ങൾ ഉൾപ്പടെയുള്ളവ നിയന്ത്രണ വിധേയമായി കടത്തിവിടുമെന്ന് ജില്ലാ കലക്ടർ. നിലവിലെ ഒറ്റവരിയായുള്ള ഗതാഗത നിയന്ത്രണം തുടരും. ചുരം വ്യൂപോയിന്റിൽ വിനോദസഞ്ചാരികൾക്ക് ഏർപ്പെടുത്തിയ വിലക്ക് തുടരും.

&&&&&&&&&&&&&&&

**<u>പ്രജോഷ് കുമാർ</u>**

മാതൃഭൂമി ന്യൂസ് ക്യാമറാമാൻ പ്രജോഷ് കുമാർ ഹൃദയാഘാതത്തെ തുടർന്ന് അന്തരിച്ചു. 45 വയസായിരുന്നു. കോഴിക്കോട് ബാലുശേരി സ്വദേശിയാണ്.

PNJ TVPM

&&&&&&&&&&&&&&&

**<u>ബിജെപി കോഴിക്കോട് മേഖല ശിൽപ്പശാല</u>**

ബിജെപി കോഴിക്കോട് മേഖല ശിൽപ്പശാല പാർട്ടി ദേശീയ നിർവ്വാഹക സമിതിയംഗം പി.കെ. കൃഷ്ണദാസ് നാളെ കണ്ണൂരിൽ ഉദ്ഘാടനം ചെയ്യും. ബിജെപി മണ്ഡലം ജനറൽ സെക്രട്ടറിമാർ, ഉപരി ഭാരവാഹികൾ എന്നിവരുൾപ്പെടെ നാനൂറോളം പേർ പങ്കെടുക്കും.

&&&&&&&&&&&&&&&

**<u>കാട്ടാന - കണ്ണൂർ</u>**

കണ്ണൂർ ചെറുവാഞ്ചേരിയിൽ ഇന്ന് പുലർച്ചെ കാട്ടാനകൾ എത്തി. വനം വകുപ്പിന്റെ നേതൃത്വത്തിൽ ഇന്നലെയും കാട്ടാനകളെ വനത്തിലേക്ക് തുരത്തിയിരുന്നു.

**&&&&&&&&&&&&&&&**

<u>കുടിയേറ്റ മ്യൂസിയം</u>

കണ്ണൂർ ചെമ്പൊന്തൊട്ടിയിൽ ബിഷപ്പ് വള്ളോപ്പള്ളി സ്മാരക കുടിയേറ്റ മ്യൂസിയത്തിൻറെ ഒന്നാം ഘട്ടം ഉദ്ഘാടനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ചെയ്തു. മലബാറിൻറെ കുടിയേറ്റ ചരിത്രത്തിന്റെ നേർക്കാഴ്ചകളൊരുക്കിയാണ് മ്യൂസിയം പൂർത്തിയാവുന്നത്. സംസ്ഥാന സർക്കാർ കണ്ണൂരിൽ ഒൻപത് വർഷം കൊണ്ട് എട്ട് മ്യൂസിയങ്ങളാണ് പൂർത്തിയാക്കിയതെന്ന് അദ്ദേഹം പറഞ്ഞു.

**&&&&&&&&&&&&&&&**
**&&&&&&&**
**&&&**

RNU TVPM